## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6608 — 08.11.2016 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം--നേട്ടങ്ങളും കോട്ടങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എ.പി.എൽ., ബി.പി.എൽ. കാർഡുടമകൾക്ക് ലഭിക്കുന്ന നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഭാഗമായി എ.പി.എൽ. കാർഡുകൾക്ക് റേഷൻ ഇനത്തിൽ എന്തെല്ലാം സാധനങ്ങളാണ് ലഭിക്കുക; വിശദാംശം നൽകുമോ? | (എ) & (ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം 14.25 മെ.ടൺ ആണ് വാർഷിക അലോട്ട്മെന്റ് ആയി സംസ്ഥാനത്തിന് ലഭിക്കുന്നത്. ആയതിൽ 10.25 ലക്ഷം മെ.ടൺ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. മുൻഗണനാ വിഭാഗത്തിൽ പ്പെടുന്നവർക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യം ഓരാളിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം എ.എ.വൈ. കാർഡിനും നൽകുന്നതാണ്. മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുന്നതിനായി 4.00 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യം പ്രതിവർഷം ലഭിക്കും. ഇതിന്റെ വിതരണതോത്, വില എന്നിവ പരിശോധിച്ചു വരുന്നു. നിലവിൽ വൈദ്യുതീകരിച്ച വീടുകൾക്ക് ലഭ്യതയനുസരിച്ച് ഒന്ന് അല്ലെങ്കിൽ അര ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്റർ വീതവും മണ്ണെണ്ണ നൽകുന്നത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലായതിന് ശേഷവും തുടരും. |

സെക്ഷൻ ഓഫീസർ